**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5780** | **08-11-2021 - ൽ മറുപടിയ്ക്ക്**

**മുളവ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുളവ്യവസായ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ചിതറിക്കിടക്കുന്ന വിവിധ വിഭാഗങ്ങളെ സംയോജിപ്പിച്ച് പ്രസ്തുത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും മൂല്യവർദ്ധനവ്, വരുമാന വർദ്ധനവ്, ദാരിദ്ര്യ നിർമാർജ്ജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രത്യേക മിഷന് രൂപം കൊടുത്തിട്ടുണ്ടോ; | (എ) | കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായങ്ങളിൽ ഒന്നായ മുള വ്യവസായത്തിന്റെ ഉന്നമനത്തിനും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധരുടേയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗ മനപാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ 2003ൽ രൂപീകരിച്ച് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മിഷൻ രൂപീകരിച്ചതിന് ശേഷം മുളയുടെ കൃഷി, നൂതന മുള ഉല്പന്നങ്ങൾ, മുളയിലധിഷ്ഠിതമായ ആധുനിക വ്യവസായങ്ങൾ തുടങ്ങിയവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കരകൗശല വസ്തുക്കൾ നിർമ്മിക്കു ന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുക, കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോ ജ്യമായ നൈപുണ്യ വികസനം/ ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുക, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുക, മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, ദേശീയ അന്തർദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുക, വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക, ബാംബൂ സപ്ലൈ ചെയിൻ രൂപീകരിക്കുക, മുള അനുബന്ധിത മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായി സ്ഥാപിച്ച കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | വിലയിരുത്തിയിട്ടുണ്ട്. മുളയുടെ വിറ്റു വരവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ബാംബു കോർപ്പറേഷൻ സ്വീകരിച്ചു വരുന്നുണ്ട്. കേന്ദ്ര/ സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 11 പ്രോജക്ടിന്റെ പൂർത്തീകരണത്തോടുകൂടി ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമവും, വികസനവും ഉറപ്പുവരുത്താൻ കഴിയുമെന്ന് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ